# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി7)/1812/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി7)/1812/21 തീയ്യതി: 07/06/2022

## എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2021 | 30-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-11-2021 | 30-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ.ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജു എം എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ടി എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുരേഷ് വേലപ്പൻ | പ്രസിഡന്റ് | 01-04-2019 | 08-07-2019 |
| ജാൻസി ഷാജി | പ്രസിഡന്റ് | 09-07-2019 | 28-07-2019 |
| ദായ് തോമസ് | പ്രസിഡന്റ് | 29-07-2019 | 31-03-2020 |
| എസ് ശ്രീകല | സെക്രട്ടറി | 01-04-2019 | 22-07-2019 |
| ലൗലി ജോൺ | സെക്രട്ടറി | 23-07-2019 | 15-10-2019 |
| മനോജ്കുമാർ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-10-2019 | 24-10-2019 |
| അനിമോൾ കെ | സെക്രട്ടറി | 25-10-2019 | 07-01-2020 |
| ഡാർളിമോൾ ചെറിയാൻ | സെക്രട്ടറി | 08-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മീര മോഹൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| നസിയ പി എം | അസിസ്റ്റൻറ് എൻജിനീയർ | 01-04-2019 | 31-03-2020 |
| ഡോ.ജെസ്സി കെ ജോർജ്ജ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ഹണി സി എൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.അഭിലാഷ് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ,ഫാമിലി ഹെൽത്ത് സെൻറർ | 01-04-2019 | 31-03-2020 |
| ഡോ.ജോൺ ജേക്കബ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| റഷീദ വി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സുപ്രിയ ദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശാന്തി കെ കെ | ഹെഡ്മിസ്ട്രസ് ഗവ എൽ പി എസ് കടവൂർ | 01-04-2019 | 31-03-2020 |
| മൃദുൽ മോഹൻ | വി ഇ ഒ പൈങ്ങോട്ടൂർ | 01-04-2019 | 31-03-2020 |
| ദീപ പി.എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 22-07-2019 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 23-07-2019 | 01-08-2019 |

| | | | |
|---|---|---|---|
| മനോജ് കുമാർ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 02-08-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 05-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 05-01-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 30-11-2021)<br>Last Updated By: Joby George (Computer Assistant, On 05-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 05-01-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 05-01-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: N.Vijayakumar (Audit Officer (HG), On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 01-12-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-10 |
| 12 | ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല.<br>Written By: Aneesh R (Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-11 |
| 13 | ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് പുതുക്കിയിട്ടില്ല<br>Written By: Aneesh T S (Auditor, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-12 |
| 14 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി<br>Written By: Aneesh T S (Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 07-06-2022) | 1-13 |
| 15 | സാക്ഷ്യപത്രം ലഭ്യമാക്കാതെ വിമുക്ത ഭടന്മാരുടെ വീട്ടുകരം ഒഴിവാക്കി<br>Written By: Aneesh T S (Auditor, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-14 |
| 16 | ദുരിതാശ്വാസ നിധി - പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: N.Vijayakumar (Audit Officer (HG), On 30-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-15 |
| 17 | പർച്ചേസ് കമ്മിറ്റി - മിനിട്ട്സ് ബുക്കിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 30-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-16 |

| | | |
|---|---|---|
| 18 | മാനദണ്ഡങ്ങൾ പാലിക്കാതെ അധിക വേതനം നൽകി<br>Written By: Aneesh R (Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-17 |
| 19 | വികസന ഫണ്ട് നിയമാനുസൃതമല്ലാതെ ചെലവഴിച്ചു.<br>Written By: Viju M S (Senior Grade Auditor, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-18 |
| 20 | ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-19 |
| 21 | ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നല്കൽ -ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചില്ല.<br>Written By: Viju M S (Senior Grade Auditor, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-20 |
| 22 | അനുപൂരക പോഷകാഹാര പദ്ധതി-അനർഹമായി.ജി.എസ്.ടി നല്കി<br>Written By: Viju M S (Senior Grade Auditor, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-21 |
| 23 | കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കി<br>Written By: Aneesh R (Auditor, On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-22 |
| 24 | ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് കരാർ നൽകൽ- ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-23 |
| 25 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽനിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 30-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-24 |
| 26 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 30-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-25 |
| 27 | ബിറ്റുമിൻ ബാരൽ വില ക്രമവിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 30-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-26 |
| 28 | ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.<br>Written By: Viju M S (Senior Grade Auditor, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 1-27 |
| 29 | ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.<br>Written By: Viju M S (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 1-28 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾ<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joseph George (Senior Grade Auditor, On 26-11-2021) | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 26-11-2021)<br>Last Updated By: Joby George (Computer Assistant, On 06-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 01-12-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joseph George (Senior Grade Auditor, On 27-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 01-12-2021)<br>Last Updated By: Viju M S (Senior Grade Auditor, On 01-12-2021) | 4-8 |
| 9 | ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 01-12-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: N.Vijayakumar (Audit Officer (HG), On 30-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.Vijayakumar (Audit Officer (HG), On 29-11-2021)<br>Last Updated By: Joby George (Computer Assistant, On 06-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 15.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 10.02.2020ലെ 2-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1071198.68 | 33814834.28 | (-)32743635.60 |
| വരവ് | 141478378.00 | 71466330.00 | 70012048.00 |
| ആകെ | 142549576.68 | 105281164.28 | 37268412.40 |
| ചെലവ് | 141748512.00 | 94713291.00 | 47035221.00 |
| നീക്കിയിരിപ്പ് | 801064.68. | 10567873.28 | (-) 9766808.60 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 1.88കോടി രൂപയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 1.25 കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2020 | 11.06.2020 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. കൂടാതെ പാടശേഖരസമിതിക്ക് നൽകിയ 3,40,000 രൂപ ക്രമീകരിച്ചിട്ടില്ല. ഇവയുടെ വിശദവിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. ഈയിനത്തിലെ വരവും തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങളും യഥാസമയം രജിസ്റ്ററിൽ ചേർക്കുന്നില്ല..ആയതിനാൽ ഡെപ്പോസിറ്റിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല.

4.ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല

5.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

6. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | 3,38,14,834.28 |
| വരവ് | 7,14,66,330 |
| ആകെ | 10,52,81,164.28 |
| ചെലവ് | 9,47,13,291 |
| നീക്കിയിരിപ്പ് | 1,05,67,873.28 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കി യിരുപ്പ് | ചെലവഴി ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 5898684 | 5898684 | 5375012 | 0 | 523672 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2490588 | 2490588 | 1156342 | 0 | 1334246 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 74000 | 74000 | 50722 | 0 | 23278 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3650000 | 3650000 | 1977197 | 0 | 1672803 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 2334787 | 0 | 916213 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) | 0 | 7088747 | 7088747 | 4703527 | 0 | 2385220 |
| ധനകാര്യകമ്മീഷൻ അവാർഡ് ( Tied) | 0 | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്-സമ്പൂർണ്ണ ശുചിത്വം | 1010525 | 0 | 1010525 | 0 | 1010525 | |
| ശുചിത്വമിഷൻ | 23250 | 43163 | 66413 | 57971 | 8442 | |
| Solid Waste | 434509 | 0 | 434509 | 256950 | 177559 | |
| ICDS | 964951 | 518051 | 1483002 | 408341 | 1074661 | |
| NPRPD | 1250000 | 0 | 1250000 | 0 | 1250000 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നട പ്പാക്കി യത് എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നട പ്പാക്കി യത്- എണ്ണം | നട പ്പാക്കാ ത്തവ എണ്ണം | പൂർ ത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 138725246 | 75 | 60590333 | 08 | 49 | 56.82% |

അംഗീകരിച്ച പദ്ധതികളുടെ 57 % മാത്രമാണ് നടപ്പിലായത്. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ 68.55 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4366.60 | 1279518 | 1283884.60 | 1283884 | 0.60 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | | 18804655 | 18804655 | 18804655 | 0 |
| | 4366.60 | 20084173 | 20088539.60 | 20088539 | 0.60 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21000 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 1210800 | 208 |
| വിധവാപെൻഷൻ | 3232800 | 441 |
| വാർദ്ധക്യ കാലപെൻഷൻ | 7371600 | 1216 |
| വികലാംഗപെൻഷൻ | 1611800 | 287 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 217800 | 32 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1980/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6. മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-09-2021 | 02/2021 മുതൽ 08/2021 വരെ | കിട്ടിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2008 | 1997-98 മുതൽ 2007-08 വരെ | 12.06.2008 |

## 1-11 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല.

അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കുവാനും കഴിയുന്ന വേദിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ. എന്നാൽ ഇന്നത്തെ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി പ്രവർത്തനങ്ങളിലോ ഭരണനിർവ്വഹണങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവ് മൂലവുമാണ് ഗ്രാമസഭകൾ ഇപ്രകാരം മാറിയിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019- 2020 വർഷത്തിൽ ആകെ ഒരു തവണ മാത്രമാണ് 13 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|
| 2019 ആഗസ്റ്റ് | 1.2019-20 വാർഷിക പദ്ധതി അവലോകനം<br>2. തൊഴിലുറപ്പ് പദ്ധതി, ആട്ടിൻകൂട്, കോഴിക്കൂട്, സോക്ക്പിറ്റ് മുതലായവയുടെ അപേക്ഷ<br>3.വിവിധ പെൻഷനുകൾ, തൊഴിൽ രഹിത വേതനം എന്നിവ അംഗീകരിക്കുന്നതിന് |

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് പുതുക്കിയിട്ടില്ല

2012 പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ചട്ടത്തിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിപ്പിക്കാൻ പാടില്ല. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ് 2019-2020 സാമ്പത്തിക വർഷം പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 8/2019-20 തിയതി 26/11/2021 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ഉടമയുടെ പേര് | സ്ഥാപനം |
|---|---|
| പോളി ആന്റണി | കോഴിഫാം |
| സിസിലി ചാക്കോ | പന്നിഫാം |

ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ലൈസൻസ് പുതുക്കി നൽകി വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഇതിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 7/2019-20 തീയതി 26/11/2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | വറങ്ങലക്കുടിയിൽ ഇൻസസ്റ്റീസ് | 4 | $1^{st}$ & $2^{nd}$ അർദ്ധവർഷം |
| 2 | കിഴക്കേഭാഗത്ത് റൈസ് മിൽ | 12 | $1^{st}$ & $2^{nd}$ അർദ്ധവർഷം |
| 3 | ബെസ്റ്റ് ബ്രിക്സ് | 5 | $1^{st}$ & $2^{nd}$ അർദ്ധവർഷം |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 സാക്ഷ്യപത്രം ലഭ്യമാക്കാതെ വിമുക്ത ഭടന്മാരുടെ വീട്ടുകരം ഒഴിവാക്കി

സ.ഉ(കൈ)നം.106/2017/തസ്വഭവ തിയതി 26/05/2017 ഉത്തരവ് പ്രകാരം എല്ലാ വിമുക്തഭടന്മാരുടെയും/അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച.അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ അവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന വിമുക്ത ഭടന്മാരുടെ വാസഗൃഹങ്ങൾക്ക് വീട്ടുകരം ഒഴിവാക്കി നൽകുന്നതിന് അടിസ്ഥാനമായ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

| ക്രമ നം | വാർഡ് / വീട് നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1/228 | ജോസഫ് വർഗ്ഗീസ് ആട്ടുകുഴിയിൽ |
| 2 | 1/287 | കെ ഐ പീറ്റർ കട്ടവക്കുഴിയിൽ |
| 3 | 2/712 | എം ജെ ജോസഫ് മരുതനാംകുഴിയിൽ |
| 4 | 2/662 | ബൈജു തങ്കപ്പൻ വേരപ്ലാക്കൽ |
| 5 | 3/44 | ജോൺ വർക്കി കളങ്ങാട്ടിൽ |
| 6 | 6/195 | സഫിയാ കരീം കളങ്ങാട്ടിൽ |
| 7 | 12/280 | ഷാജി സ്കറിയാസ് താമരക്കിട്ട് |
| 8 | 12/40 | പി സി ജോസ് പുള്ളോലിയാക്കൽ |

സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ 9/2019-20 തീയതി 26/11/2021 നം ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ദുരിതാശ്വാസ നിധി - പ്രവർത്തനം കാര്യക്ഷമമല്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ പൈങ്ങോട്ടൂർ ശാഖയിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷത്തിൽ (2019-20) ടി അക്കൗണ്ടിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല. ഹാജരാക്കിയ പാസ്സ് ബുക്ക് പ്രകാരം 31.3.20 ൽ ടി അക്കൗണ്ടിൽ 18750/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. 16.7.2012 മുതലുള്ള വിവരങ്ങൾ പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി അക്കൗണ്ടിലെ നീക്കിയിരുപ്പിന് ബാങ്ക് പലിശ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. (12-13 കാലയളവിൽ ഒരു ലക്ഷം രൂപയിലധികം നീക്കിയിരുപ്പും ഉണ്ടായിരുന്നു.)

ടി വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/20-21/25.11.21) സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടില്ല. നീക്കിയിരുപ്പ് തുകയ്ക്ക് നാളിതുവരെയുള്ള പലിശ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

## 1-16 പർച്ചേസ് കമ്മിറ്റി - മിനിട്ട്സ് ബുക്കിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള പി.ജി.പി - എ4-9 നമ്പരായുള്ള പർച്ചേസ് കമ്മിറ്റി മിനിട്ട്സ് ബുക്കിൽ 9.2.2018 ലെ മിനിട്ട്സ് വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം 19.10.2019 ൽ കൂടിയ കമ്മിറ്റിയുടെ മിനിട്ട്സിന്റെ വിവരങ്ങൾ 77-78 പേജുകളിലായി രേഖപ്പെടുത്തി കാണുന്നു. ഇതിൽ 5 തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിട്ട്സ് ക്ലോസ്സ് ചെയ്തിട്ടില്ല. തുടർന്ന് പുതിയ ബുക്കിൽ (പി.ജി.പി.എ4- 17) 14.8.2018 മുതലുള്ള കമ്മിറ്റി വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേജ് 9 വരെയായി 18.12.18 ലെ മിനിട്ട്സ് വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നു. ശേഷം പേജുകൾ ശൂന്യമാണ്. 19.10.19 ലെ മിനിട്ട്സ് വിവരം പഴയ ബുക്കിൽ ക്രമം തെറ്റിച്ച് രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. 19-20 വർഷത്തിൽ തുടർന്ന് മീറ്റിംഗുകൾ നടത്തിയതായി രേഖപ്പെടുത്തലുകളില്ല. അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/20-21/27.11.21) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പർച്ചേസ് കമ്മിറ്റി യോഗങ്ങൾ ചേരേണ്ടതാണ്.

## 1-17 മാനദണ്ഡങ്ങൾ പാലിക്കാതെ അധിക വേതനം നൽകി

ധനകാര്യ വകുപ്പിന്റെ 21.07.2018ലെ സ.ഉ.നം. 112/2018 ഉത്തരവ് പ്രകാരം 01.07.2018 മുതൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് ഒരു മാസം പരമാവധി അനുവദിക്കാവുന്ന വേതനം 18900/- രൂപയാണ്. 19.07.2019ലെ സ.ഉ.നം. 81/2019/ധന. ഉത്തരവ് പ്രകാരം 01.07.2019 പ്രാബല്യത്തിൽ ഇത് 19305/- രൂപയായി പുതുക്കി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ഓഫീസ് വാഹനത്തിന്റെ ഡ്രൈവർക്ക് മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ച പരിധിയിലും അധികമായി മാസവേതനം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| മാസം | വൗച്ചർ നം/തി. | ചെക്ക് നം. | നൽകിയ വേതനം | പരമാവധി അനുവദിക്കാവുന്ന വേതനം | അധികം നൽകിയ വേതനം |
|---|---|---|---|---|---|
| ഏപ്രിൽ 2019 | 201900079/04.05.2019 | 421234/ 04.05.2019 | 20300 | 18900 | 1400 |
| ആഗസ്റ്റ് 2019 | 21900417/24.09.2019 | 286014/ 24.09.2019 | 20735 | 19305 | 1430 |
| നവംബർ 2019 | 21900599/03.12.2019 | 261951/ 03.12.2019 | 20735 | 19305 | 1430 |
| ആകെ | | | 61770 | 57510 | 4260 |

സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ച പരിധിയിലും അധികമായി മാസവേതനം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/22.11.2021) 30.08.2019ലെ സ.ഉ.(അച്ചടി) 119/2019/ധന. നമ്പർ ഉത്തരവ് പ്രകാരം അവധി ദിവസം ഉൾപ്പെടെ മാസത്തിൽ 27 ദിവസത്തിലധികം കൃത്യനിർവഹണം നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ ആ ദിവസങ്ങളിലേക്ക് കൂടി അധിക വേതനം അനുവദിക്കാവുന്നതാണെന്നും, ബഹു. എറണാകുളം ജില്ലാ കളക്ടറുടെ നിർദേശ പ്രകാരം 2019 ലോകസഭാ ഇലക്ഷന് വേണ്ടി 27.03.2019 മുതൽ 25.04.2019 വരെ ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനവും, ഡ്രൈവറേയും വിട്ടു നൽകേണ്ടി വന്നിരുന്നതിനാൽ ഡ്രൈവർക്ക് ഇക്കാലയളവിൽ അവധി ദിവസങ്ങളിൽ ഉൾപ്പെടെ ജോലി ചെയ്യേണ്ട സാഹചര്യം ഉണ്ടായിരുന്നതായും മറുപടി നൽകിയിട്ടുണ്ട്. നിർദേശ പ്രകാരം അവധി ദിവസങ്ങളിലുൾപ്പെടെ ജോലി ചെയ്തിട്ടുണ്ടെന്ന മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ 30.08.2019ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം സർക്കാർ നിർദേശ പ്രകാരമുള്ള പരിധിയിലും അധികമായി മാസവേതനം അനുവദിക്കാവുന്നതാണ്. എന്നാൽ, മേൽ വിശദീകരിച്ച പ്രകാരം ഡ്രൈവർക്ക് അധിക വേതനം അനുവദിച്ചപ്പോൾ ഇപ്രകാരമുള്ള മേലധികാരിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലല്ല. 30.08.2019ൽ പുറപ്പെടുവിച്ച ഈ ഉത്തരവ് പ്രകാരം 2019 ഏപ്രിൽ മാസത്തിൽ അധിക വേതനം

നൽകിയത് അംഗീകരിക്കാവുന്നതല്ല. കൂടാതെ, 2019 ആഗസ്റ്റ്, നവംബർ മാസങ്ങളിൽ അവധി ദിവസങ്ങളിലുൾപ്പെടെ ജോലി ചെയ്യേണ്ടി വന്ന സാഹചര്യവും മറുപടിയിൽ സൂചിപ്പിച്ചിട്ടില്ല.

ഭാവിയിൽ സർക്കാർ നിർദേശ പ്രകാരമുള്ള പരിധിയിലും അധികമായി മാസവേതനം അനുവദിക്കുന്നത് നിർദേശ പ്രകാരം അവധി ദിവസങ്ങളിലുൾപ്പെടെ കൃത്യനിർവഹണം നടത്തിയിട്ടുണ്ടെന്ന മേലധികാരിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 വികസന ഫണ്ട് നിയമാനുസൃതമല്ലാതെ ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | എസ് 0022/19, കടവൂർ എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകൽ |
| ബില്ല് നം, തീയതി, ചെലവ് | 02/19 തീ.25.09.2019, 136246/-<br>03/19 തീ.06.12.2019, 29569/-<br>04/19 തീ.26.08.2019, 5302/-<br>05/19 തീ.28.08.2019, 23606/-<br>ആകെ ചെലവ് 194723/- |
| അടങ്കൽ, ഫണ്ട് | 525660/-, വികസന ഫണ്ട് (പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, കടവൂർ എൽ.പി.സ്കൂൾ |

ഗവൺമെന്റ് എൽ.പി.എസ്, കടവൂർ സ്കൂളിൽ മേൽ സൂചിത പ്രോജക്റ്റ് പ്രകാരം വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കിയിട്ടുണ്ട്. മേൽ പ്രോജക്റ്റ് നിർവ്വഹിച്ചിട്ടുള്ളത് വികസന ഫണ്ട് (പൊതുവിഭാഗം) ഉപയോഗിച്ച് 194723/- രൂപയുടെ ചെലവ് ഹെഡ് മിസ്റ്റട്രസ്, കടവൂർ എൽ.പി.സ്കൂൾ വഴി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 7.8.3 ഭക്ഷണവിതരണ പരിപാടികൾ എന്ന ഖണ്ഡികയിൽ പ്രസ്തുത പദ്ധതിക്കുള്ള തുക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നോ, സ്പോൺസർഷിപ്പിലൂടെയോ കണ്ടെത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടില്ലായെന്നിരിക്കെ ഈ പ്രോജക്റ്റ് നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23.11.2021 ലെ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ തനത് വരുമാനം വളരെക്കുറഞ്ഞ പഞ്ചായത്തിൽ മറ്റ് സാമ്പത്തിക സ്രോതസ്സൊന്നുമില്ലാത്തതിനാലാണ് വികസന ഫണ്ട് (പൊതുവിഭാഗം) ഉൾപ്പെടുത്തി സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കിയതെന്നറിയിച്ചു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നോ, സ്പോൺസർഷിപ്പിലൂടെയോ, അദ്ധ്യാപക-രക്ഷകർതൃ ഫണ്ടിൽ നിന്നോ തുക കണ്ടെത്തണമെന്ന് നിർദ്ദേശിക്കുന്നു.

## 1-19 ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര് | എസ് 0050/20, സഹകരണസംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് സബ്സിഡി |
| ബിൽ. നം ,തീയതി | 01/2019-20, 18.01.2020, 200000<br>02/2019-20, 25.02.2020, 200000<br>03/2019-20, 01/02/2020, 50000 |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 200000,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 200000<br>ജില്ലാ പഞ്ചായത്ത് വിഹിതം – 50000<br>ആകെ 450000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ വഴി നടപ്പിലാക്കാവുന്ന ക്ഷീര കർഷകർക്ക് സബ്സിഡി എന്ന പ്രൊജക്ടിൽ 2019-20 വർഷം പെങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ ക്ഷീരകർഷകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന പരമാവധി സബ്സിഡി/ധനസഹായം നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മിൽമ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 5 ക്ഷീര സഹകരണ സംഘം വഴി പാലളക്കുന്ന 268 ക്ഷീരകർഷകർക്ക് 2.32 രൂപ മാത്രമാണ് സബ്സിഡിയിനത്തിൽ നല്കുവാൻ കഴിഞ്ഞിട്ടുള്ളൂ. തനത് സാമ്പത്തിക വർഷം 194444 ലിറ്റർ പാൽ മേൽ സൂചിപ്പിച്ച 5 ക്ഷീരസംഘങ്ങൾ വഴി കർഷകർ അളന്നിട്ടുണ്ട്. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി നൽകാത്തത് ശരിയായ നടപടിയല്ല. ധാരാളം ക്ഷീരകർഷകരുള്ള പഞ്ചായത്താണിത്. ക്ഷീരകർഷകർക്ക് പ്രോൽസാഹനം നൽകാനുതകുന്ന ഈ പദ്ധതിക്ക് ആവശ്യത്തിന് ഫണ്ട് വകയിരുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 22.11.2021 ൽ

നല്കിയ 10ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്ഷീരവികസന വകുപ്പിൽ നിന്ന് ഡി.ബി.റ്റിയായി തുക ലഭിക്കാതിരുന്നതാണ് ഇൻസെന്റീവ് കൃത്യമായി നല്കുവാൻ സാധിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ക്ഷീരകർഷകർഷകർക്ക് അർഹമായ ഇൻസെന്റീവ് കൃത്യമായി നല്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന വർക്കിംഗ് ഗ്രൂപ്പും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നല്കൽ -ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ് 0094/19-20,ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നല്കൽ |
| അടങ്കൽ, ഫണ്ട്, ചെലവ് | 354670,വികസന ഫണ്ട് (പൊതുവിഭാഗം) 168668 |
| ബിൽ നം,തീയതി | 03/2021, 21.12.2019, തുക – 168668/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

1) 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം.(കൈ) 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 7.1.4 ഉപകരണങ്ങൾ (2) ഖണ്ഡിക പ്രകാരം ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും നൽകൽ ഗ്രാമപഞ്ചായത്തുകൾക്കും, ഉപകരണങ്ങൾ വാങ്ങി നൽകൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും അഭികാമ്യമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ ഈ പദ്ധതിക്കായി ഗ്രാമ പഞ്ചായത്തിന്റെ വികസന ഫണ്ടാണ് (പൊതുവിഭാഗം) ഉപയോഗിച്ചിരിക്കുന്നത്.

2) 20.03.2019 ലെ കേരള സ്റ്റേറ്റ് ഹാൻഡിക്യാപ്പിഡ് പേഴ്സൺസ് വെൽഫയർ കോർപ്പറേഷന്റെ 306നം = ഇൻവോയ്സ് പ്രകാരം 168668 രൂപ നല്കിയതിന്റെ അടിസ്ഥാനത്തിൽ 21.12.2019 ലെ 03/2021പ്രകാരം ബിൽ തുക നല്കിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ അർഹരായ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) ഉപകരണങ്ങളുടെ ഗ്യാരന്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (7.1.5)ഹാജരാക്കിയിട്ടില്ല.

മേൽ പ്രോജക്ട് സംബന്ധിച്ച പരാമർശങ്ങൾക്ക് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് 26.11.2021 ൽ നല്കിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ക്രമ നമ്പർ 1പ്രകാരം പരാമർശിച്ചിട്ടുള്ള ഭിന്നശേഷി ഉള്ളവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് ഫണ്ടുകൾ തന്നെ ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നമ്പർ 2, 3 പ്രകാരം ഉപകരണങ്ങൾ അർഹരായ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളും, ഉപകരണങ്ങളുടെ ഗ്യാരന്റി തെളിയിക്കുന്ന സർട്ടിഫിക്കറ്റും (7.1.5)ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-21 അനുപൂരക പോഷകാഹാര പദ്ധതി-അനർഹമായി.ജി.എസ്.ടി നല്കി

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ് 0043/19-20, അങ്കണവാടി പോഷകാഹാര പരിപാടി |
| അടങ്കൽ, ഫണ്ട്, ചെലവ് | 1) 344801വികസന ഫണ്ട് (പൊതുവിഭാഗം) 344801(ചെലവ്)<br>2) 500000, കേന്ദ്രഫണ്ട് 408341(ചെലവ്).<br>3) 801199, തനത് ഫണ്ട്. 474613(ചെലവ്)<br>ആകെ അടങ്കൽ 1646000 , ആകെ ചെലവ് 1227755 |
| ബിൽ നം,തീയതി | 01/2019, 21.08.2019, 307488<br>02/2019, 06.01.2020, 37313 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2019-20 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് വെങ്ങോല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റാണ് (Common Facility Centre Vengola). കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (II) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021 ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിശദവിവരം

താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | ബിൽ തുക | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 2/10.04.19 | 34398 | 1668 |
| 2 | 17/ 13.05.19 | 23814 | 1134 |
| 3 | 31/11.06.19 | 28004 | 1334 |
| 4 | 44/10.07.19 | 26900 | 1280 |
| 5 | 59/16.08.19 | 31310 | 1490 |
| 6 | 75/18.09.19 | 36382 | 1732 |
| 7 | 91/15.1019 | 32634 | 1554 |
| 8 | 109/05.12.19 | 40132 | 1912 |
| 9 | 125/09.01.20 | 41454 | 1974 |
| 10 | 148/28.02.20 | 41454 | 1974 |
| | ആകെ | | 16052 |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി. കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 26.11.2021 ൽ നല്കിയ 10-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ടെന്നും ജി.എസ്.ടി. തുക തിരികെ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടവാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

## 1-22 കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പാക്കി

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ GPS സംവിധാനം ഘടിപ്പിച്ച ടാങ്കറുകളിൽ, ഗുണനിലവാരം ഉറപ്പ് വരുത്തി, കുടിവെള്ളം വിതരണം ചെയ്യുന്നതിന് 31.03.2019 വരെയുള്ള കാലയളവിൽ 5.5 ലക്ഷം രൂപ വരെയും, 01.04.2019 മുതൽ 31.05.2019 വരെയുള്ള കാലയളവിൽ 11ലക്ഷം രൂപ വരെയും ചെലവഴിക്കുന്നതിന് 02.03.2019 ലെ സ.ഉ.(സാധാ) 500/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള വിതരണത്തിനായി ക്വട്ടേഷൻ ക്ഷണിക്കുന്നതിന് 15.03.2019ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരുന്നു. 15.03.2019ലെ എ4-1672/19 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ലഭിച്ച രണ്ട് ക്വട്ടേഷനുകളിൽ ശ്രീ. അസീസ് പിഎച്ച്, പുതുക്കാടൻ, മുടിക്കൽ പിഒ, പെരുമ്പാവൂർ എന്നയാളുടെ ക്വട്ടേഷൻ 26.03.2019ലെ 2(2)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും, കെഎൽ 29 സി 5180 നമ്പർ വാഹനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കോഴിപ്പിള്ളി ഔട്ട്ലെറ്റിൽ നിന്നും 4000 ലിറ്റർ കുടിവെള്ളം ട്രിപ്പൊന്നിന് 2150 രൂപയും, പ്രതിദിന ബാറ്റ 400 രൂപയും എന്ന നിരക്കിൽ കരാറിൽ (നം.01/2019-20/27.03.2019) ഏർപ്പെട്ടിട്ടുണ്ട്. 28.03.2019 മുതൽ 31.05.2019 വരെ കുടിവെള്ള വിതരണം ചെയ്തതിനായി താഴെ പറയും പ്രകാരം തനതു ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നം./തിയതി | ചെക്ക് നം./തിയതി | തുക |
|---|---|---|
| 2199125/30.05.2019 | 260661/30.5.2019 | 483600 |
| 2199235/01.07.2019 | 260907/01.07.2019 | 359038 |
| ആകെ | | 842638 |

തനതു ഫണ്ട് ചെലവാക്കി കുടിവെള്ള വിതരണം ചെയ്ത പ്രവൃത്തിയിൽ താഴെ കൊടുക്കുന്ന അപാകതകൾ ഉണ്ട്.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.03.2019 ലെ 500/2019 നമ്പർ ഉത്തരവ്, സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് കുടിവെള്ള വിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്.ജില്ലാ തല നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം സാധിക്കുന്ന സാഹചര്യത്തിൽ മാത്രം പഞ്ചായത്തുകൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ കിലോമീറ്റർ അടിസ്ഥാനത്തിലല്ലാതെ കുടിവെള്ളത്തിന്റെ അളവ്

പ്രകാരമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

2) സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം ഖണ്ഡിക 4(g) പ്രകാരം ജി.പി.എസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്. ഖണ്ഡിക 4(i) പ്രകാരം ജി.പി.എസ് ലോഗും കരാറുകാരൻ ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്.എന്നാൽ 65 ദിവസങ്ങളിലായി 421 ലോഡ് കുടിവെള്ളം വിതരണം നടത്തിയതായി കരാറുകാരൻ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയത് മാത്രം അടിസ്ഥാനപ്പെടുത്തിയാണ് മുഴുവൻ തുകയും നൽകിയത്.പദ്ധതി കാലയളവിലെ ഒരു ദിവസത്തെ പോലും ജി.പി.എസ് ലോഗ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ദിവസേന 9 ട്രിപ്പ് വരെ ഓടിയതായി രേഖപ്പെടുത്തി തുക കൈപ്പറ്റിയിട്ടുള്ളപ്പോഴും ഇതിന് ആധികാരികമായ ജി.പി.എസ് റിപ്പോർട്ട് പരിശോധിക്കാതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

3) പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി 2019-20 സാമ്പത്തിക വർഷം 842638/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. 5 ലക്ഷം രൂപക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ ടെണ്ടർ മുഖേനയാണ് നടപ്പാക്കേണ്ടത്. എന്നാൽ 842638/- ചെലവഴിച്ച പദ്ധതി ക്വട്ടേഷൻ വഴിയാണ് നടപ്പിലാക്കിയത്.

മേൽ അപാകകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/27.11.2021) മറുപടി ലഭിച്ചില്ല. കുടിവെള്ള വിതരണത്തിന്റെ സുതാര്യത ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിൽ മാത്രം കുടിവെള്ള വിതരണം നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം കുടിവെള്ളം വിതരണം ചെയ്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല. മാത്രമല്ല, സർക്കാർ നിർദേശ പ്രകാരം മത്സരാധിഷ്ഠിത ഇ ടെൻഡർ നടപടികളിലൂടെ കരാറുകാരനെ തെരഞ്ഞെടുത്തിരുന്നെവെങ്കിൽ ഇതിലും ചെലവ് കുറച്ചും, കാര്യക്ഷമമായും കുടിവെള്ള വിതരണ പ്രവൃത്തി നടത്താനുള്ള സാധ്യതയും ഉണ്ടായിരുന്നു. ആയതിനാൽ, സർക്കാർ നിർദ്ദേശത്തിന് അനുസരണമായി മാത്രം പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് കരാർ നൽകൽ- ചെലവ് രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം – 34/2020

അടങ്കൽ – 97,806/-

ചെലവ്- 63,480/-(പ്ലാൻ ഫണ്ട് - 43,630/- & തനത് ഫണ്ട്-24750/-)

(Bill No-14/2019-20 Rs.31255/- C/o 12/11/2019)

(Bill No-21/2019-20 Rs.12375/- C/o 06/01/2020)

ഗ്രാമപഞ്ചായത്തിലെ കംപ്യൂട്ടറുകൾ, പ്രിന്ററുകൾ, സെർവ്വർ എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് കരാർ നൽകിയതിന് 2019-20 വർഷം 68,380/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 43,630/- രൂപയുടെ വിശദാംശങ്ങളും ചെലവുരേഖകളും മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 24750/-രൂപയുടെ ചെലവ് രേഖകൾ പരിശോധക്ക് നൽകിയിട്ടില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-5 തീയതി 23/11/2021) മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിയിലെ 24750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽനിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി. യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ, പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയ പിഴ | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|
| 1 | പൈങ്ങോട്ടൂർ വനിത ഉല്പാദന നിർമ്മാണ കേന്ദ്രം മെയിന്റനൻസ് (126/18) ശ്രീ.ഫ്രാൻസിസ് ജോൺ പി.എ.സി- 488331/- പ്രവൃത്തിമൂല്യം- 470901/- എം.ബുക്ക് - 23/16-17 ബിൽ - 4/14.6.19 – 228776/- (ഫൈനൽ ബിൽ) | 27.12.2017<br>6 മാസം<br>26.6.2018 | 21.2.2019 | 24905<br>(3+2.1%) | -- | 24905 |
| | ആകെ | | | | | 24905 |

കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തിയാക്കുകയോ, പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലതാമസ്സം സംബന്ധിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19-20/27.11.21) അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പിഴ ഇനത്തിൽ ഈടാക്കാൻ ശേഷിക്കുന്ന 24905/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി ഓഡിറ്റ് വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി ആർ 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി. മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(5) കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/20-21/26.11.21)നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ

വരുത്തേണ്ടതാണ്.

## 1-26 ബിറ്റുമിൻ ബാരൽ വില ക്രമവിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/20-21/25.11.21) അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ സാംഖ്യ വെബിൽ ബിറ്റുമിൻ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടുമായി മാപ്പ് ചെയ്തിട്ടുള്ളതിനാലാണ് ഇത്തരത്തിൽ ക്രെഡിറ്റ് ആയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-27 ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ, പെർമ്മിറ്റ് രജിസ്റ്റർ, ഫാക്ടോസ് (FTEAOS) ലൈസൻസ് രജിസ്റ്റർ, റെന്റ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ഡെയ്‌ലി കളക്ഷൻ രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, ബിൽ രജിസ്റ്റർ, രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഇലക്ട്രോണിക്ക് ഉപകരണങ്ങളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, ക്യാഷ് ഇൻ ഹാന്റ് രജിസ്റ്റർ, ഇ-മെയിൽ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കൃത്യമായ രേഖപ്പെടുത്തലോടെ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. ആയവ ഭംഗിയായി പരിപാലിച്ച് പോരുന്നുണ്ട്.

2) ക്യാഷ് ബുക്ക് - നിർവ്വഹണോദ്യോഗസ്ഥർ ആരുംതന്നെ.ടി.ആർ 7എ പ്രകാരമുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. ആയത് അടിയന്തരമായി സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകളും വരുത്തേണ്ടതാണ്.

3) പ്രോജക്ട് രജിസ്റ്റർ - പദ്ധതികൾ സംബന്ധിച്ച ഒരു പ്രോജക്ട് രജിസ്റ്റർ നിർവ്വഹണോദ്യോഗസ്ഥന്മാർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. പദ്ധതിക്ക് എ.സി.ആർ പ്രകാരം വകയിരുത്തിയ തുകയും ആയതിന്റെ ചെലവും ബിൽ സംബന്ധമായ വിവരവും ആയതിൽ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന അസിസ്റ്റന്റ് സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ ഒഴികെ ആരും തന്നെ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ ഇൻക്യുബൻസി രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്റർ എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. അടിയന്തരമായി മേൽ പറഞ്ഞ രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 1-28 ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

05.06.2018 ൽ നടന്ന ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കിയ പരാമർശങ്ങൾക്ക് ശേഷമുള്ള റിപ്പോർട്ടാണിത്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ എല്ലാ ഖണ്ഡികകൾക്കും, ഓഡിറ്റ് അദാലത്തിൽ ഭാഗികമായി മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കിയതും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. ആയതിനാൽ എല്ലാ റിപ്പോർട്ടുകളിലും തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ ധാരാളം അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച് കഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള നടപടികൾ യഥാസമയം സ്വീകരിക്കാത്തത് മൂലമോ വൈകി സ്വീകരിക്കുന്നതുമൂലമോ ആണ് ഓഡിറ്റ് പരാമർശങ്ങൾ പൂർണ്ണമായും തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. 1997-98 മുതൽ 2018-19 വരെയുള്ള 21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 195 ഖണ്ഡികകൾ തീർപ്പാക്കാനുണ്ട്. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2500000 | എസ്.സി ലൈഫ് പദ്ധതി (P-55/20) | 2500000 |
| | ആകെ | 2500000 | | 2500000 |

2.സംയുക്ത പദ്ധതികൾ- നേരിട്ട് ചെലവഴിച്ച തുക

| സ്ഥാപനം | പദ്ധതിയുടെ പേര് & നം | വരവ് തുക | ചെലവഴിച്ച തുക |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ഡയറി ഇൻസെന്റീവ് 50/2020 | 50,000 | 50,000 |
| | സ്കോളർഷിപ്പ് 46/2020 | 2,00,000 | 2,00,000 |
| | ലൈഫ് ഭവനം 164/2020 | 32,00,000 | 32,00,000 |
| | ലൈഫ് ഭവനം 55/2020 | 25,10,000 | 25,10,000 |
| ആകെ | | 59,60,000 | 59,60,000 |
| ബ്ലോക്ക് പഞ്ചായത്ത് | ഡയറി ഇൻസെന്റീവ് 50/2020 | 2,00,000 | |
| | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് 46/2020 | 2,00,000 | |
| ആകെ | | 4,00,000 | |

### 4-3 നിക്ഷേപപ്രവ്യത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ/ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| K.W.A. | പൈപ്പ് ലൈൻ Dismantling | 21900555 | 150000/- | | 150000/- |
| | | | 150000/- | | 150000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 98,00,000/-രൂപ വരവുണ്ട്. തൻവർഷം 10080000 രൂപ വിനിയോഗിച്ചിട്ടുണ്ട്. 2019-20 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| KURDFC ഭവന വായ്പ -ലൈഫ് | ജി ഒ (എം എസ്) 68/018/ ത.സ്വ.ഭ.വ. തീ 18.5.2018 | 9600000 | 30940966 | 3014706 | 0 | 37526260 | തൻവർഷം ലഭിച്ച വായ്പാതുകയിൽ 200000 രൂപ തെറ്റായി അധികം ചേർത്തിരുന്നു. ഇതുൾപ്പടെയാണ് വാർഷിക കണക്കിലുള്ളത്. ഈ തെറ്റ് 2020-21 ൽ തിരുത്തിയിട്ടുണ്ട്. |
| ഇ.എം.എസ്. ഹൗസിംഗ് ലോൺ | | | 954833 | 862500 | | 92333 | |

ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 24,85,294/-രൂപയും ഹഡ്കോ ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 529412/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയ തുകയാണ് KURDFC ഭവന വായ്പ തിരിച്ചടവായി തൻവർഷം (2019-20) ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3113/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 795 | കോൺട്രാക്ടർ (പ്രോജക്ട് നം-38/2018) | 119020102889/15.2.20 |

| | | | | |
|---|---|---|---|---|
| 2018-19 | | 2318 | കോൺട്രാക്ടർ (പ്രോജക്ട് നം-106/2018) | 119020102889/15.2.20 |
| | ആകെ | 3113 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71466330.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94713291.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24750.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | തടസ്സത്തിന് ഉത്തരവാദിയായ ആളുടെ മേൽവിലാസം |
|---|---|---|---|
| 1-23 | 24750 | സെക്രട്ടറി | ശ്രീമതി അനിമോൾ കെ.<br>ശ്രീവൽസം,<br>പാഴൂർ പി.ഒ.<br>പിറവം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(ii)/2018/ 22.9.2018 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(iii)/2018/ 22.9.2018 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(iv)/2018/ 22.9.2018 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(v)/2018/ 22.9.2018 (പദ്ധതി വിഹിതം ഒഴികെ ചെലവ്) |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(vi)/2018/ 22.9.2018 (പദ്ധതി വിഹിതം ) |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(vii)/2018/ 22.9.2018 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(viii)/2018/ 22.9.2018 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(ix)/2018/ 22.9.2018 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(x)/2018/ 22.9.2018 |
| 2006-07 | എൽ.എഫ്.ഇ.(പി7)864/12/14.06.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7)865/12/14/06.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7)866/12/14.06.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7)867/12/14.06.2012 |

| | |
|---|---|
| 2010-11 & 2011-12 | എൽ.എഫ്.ഇ.(പി7)1613/13/11.09.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഇ.(പി7)616/15/12.06.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(xi)/2018/ 22.9.2018 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) 2236/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി7) 1658/2017/10.10.2017 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി7) 120/2019/ 15.02.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി7) 259/2020/ 12.03.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്